# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*221** 12/02/2019- ൽ മറുപടിയ്ക്ക്

## നവോത്ഥാന മൂല്യസംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. അൻവർ സാദത്ത് : | **ശ്രീ.എ.കെ.ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ<br>പിന്നോക്ക സമുദായ ക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പ മന്ത്രി** |
| എ) കേരള സമൂഹത്തെ നവോത്ഥാന മൂല്യങ്ങളിൽ നിന്നും പുരോഗമന ആശയങ്ങളിൽ നിന്നും വ്യതിചലിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതായി കരുതുന്നുണ്ടോ;<br><br>ബി) എങ്കിൽ ഇതിന് ആധാരമായി എന്തൊക്കെ കാര്യങ്ങളാണ് ഈ സർക്കാർ നിലവിൽ വന്നശേഷം ഉണ്ടായിട്ടുള്ളത്; വിവരിക്കുമോ; | എ) & ബി) നവോത്ഥാന മൂല്യങ്ങൾക്കും ഭരണഘടന മൂല്യങ്ങൾക്കും അപചയം വരുത്തുന്ന രീതിയിൽ പ്രതിലോമകരമായ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ വിവിധ കോണുകളിൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ജാതിയുടെ പേരിലും മതത്തിന്റെ പേരിലും ജനതയെ ഭിന്നിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നതായി കാണുന്നു. ആചാരങ്ങളും അനുഷ്ഠാനങ്ങളും വ്യക്തിപരമായ തലങ്ങളിൽ കാണാതെ സമൂഹത്തിനുമേൽ അടിച്ചേല്പിക്കുന്ന പ്രവണതയും ഏറി വരുന്നു. ഇവയ്ക്കെതിരെ നിയമപരവും ബോധനപരവും ആയ തലങ്ങളിൽ തികച്ചും ജാഗ്രൂകമായ നിലപാടുകളാണ് സർക്കാർ കൈക്കൊണ്ടു വരുന്നത്.<br>നൂറ്റാണ്ടുകൾ പഴക്കമുള്ള ചില ആചാരാനുഷ്ഠാനങ്ങൾ പൗരാവകാശങ്ങളെ നിഷേധിക്കുന്നവയാണെന്ന് തിരിച്ചറിഞ്ഞു കൊണ്ടാണ് 19-ാം നൂറ്റാണ്ടിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലുമായി നവോത്ഥാന പ്രസ്ഥാനങ്ങൾ കേരളത്തിൽ ഉയർന്നു വന്നത്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുകയും ഭരണഘടന നിലവിൽ വരുകയും ചെയ്തതോടു കൂടി നവോത്ഥാനമൂല്യങ്ങളെല്ലാം ഭരണ ഘടനയിൽ ഉൾച്ചേർത്തിട്ടുണ്ട്. എന്നാൽ ഭരണഘടനാ തത്വങ്ങളെ വെല്ലുവിളിച്ചു കൊണ്ട് ആചാരാനുഷ്ഠാനങ്ങളെ പുന:സ്ഥാപിക്കാൻ ചിലർ ശ്രമിക്കുന്നുണ്ട്. |

| | |
|---|---|
| സി) ഇതിൽ നിന്നും കേരള സമൂഹത്തെ മാറ്റി ചിന്തിപ്പിക്കുന്നതിനും നവോത്ഥാന മൂല്യ സംരക്ഷണത്തിനുമായി സാംസ്കാരിക വകുപ്പ് പരിശ്രമങ്ങൾ നടത്തുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | സി) വർത്തമാന കേരളത്തിൽ ഉണ്ടായിട്ടുള്ള ഇത്തരം പ്രതിലോമകരമായ പ്രവണതകളിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും നവോത്ഥാന മൂല്യ സംരക്ഷണത്തിനുമായി സാംസ്കാരിക വകുപ്പ് വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികം, ശ്രീനാരായണ ഗുരുവിന്റെ "നമുക്ക് ജാതിയില്ലാ വിളംബരത്തി"ന്റെ 100-ാം വാർഷികം, മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികം, അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം, മഹാത്മാ അയ്യങ്കാളി - മഹാത്മാഗാന്ധി സംഗമ വാർഷികം, ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82-ാം വാർഷികം തുടങ്ങിയവ വിപുലമായി ആചരിക്കുകയുണ്ടായി. ഈ ആചരണങ്ങൾ കേരള സമൂഹത്തിലെ നവോത്ഥാന മൂല്യങ്ങൾക്കും സമൂഹത്തിന്റെ മതേതര കെട്ടുറപ്പിനും എതിരെ ഉയരുന്ന ശക്തമായ വെല്ലുവിളികളെ പ്രതിരോധിക്കുവാൻ സഹായിക്കുന്നവയാണ്.<br><br>ജനതയെ തങ്ങൾ കടന്നുപോന്ന വഴിത്താരകളുടെ ചരിത്രം ഓർമ്മിപ്പിക്കുന്ന തരത്തിൽ ചരിത്ര സംഭവങ്ങളുടേയും ചരിത്രത്തിലിടം പിടിച്ച വ്യക്തികളുടേയും അനുസ്മരണങ്ങൾ, അത്തരം സംഭവങ്ങളെ കേന്ദ്രീകരിച്ചുള്ള കലാവിഷ്കാരങ്ങൾ, സെമിനാറുകൾ തുടങ്ങിയ ബോധവത്ക്കരണപരിപാടികൾ എന്നിവ നടത്തുന്നുണ്ട്.<br><br>സാംസ്കാരിക വകുപ്പും, വിദ്യാഭ്യാസവകുപ്പും നവോത്ഥാന മൂല്യങ്ങളെ പ്രചരിപ്പിക്കുന്നതിനും ഭരണഘടനാ സാക്ഷരത ഉണ്ടാക്കുന്നതിനും വേണ്ടിയുള്ള പരിപാടികൾ നടത്തിവരികയാണ്. |

Indhu

**സെക്ഷൻ ഓഫീസർ**